സ്പോർട്സ്

ഒളിംപ്യൻ

ലണ്ടൻ ഒളിമ്പിക്സ്: ഇന്ത്യ എന്തുചെയ്യും?

ലണ്ടൻ ഒളിമ്പിക് ഗെയിംസ് നാലുമാസം അരികെയെത്തി നിൽക്കെ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനുമേലുള്ള സമ്മർദം കൂടിക്കൂടി വരികയാണ്. ഭോപ്പാൽ വാതകദുരന്തത്തിനു കാരണക്കാരായ യൂണിയൻ കാർബൈഡിൻെറ ഇപ്പോഴത്തെ ഉടമകളായ ഡൗ കെമിക്കൽസിൻെറ ഒളിമ്പിക് സ്പോൺസർഷിപ്പ് വലിയൊരു തലവേദനയായി മാറിക്കഴിഞ്ഞു. 'കയ്ച്ചിട്ട് ഇറക്കാനും മധുരിച്ചിട്ട് തുപ്പാനും' കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങളെത്തിയിരിക്കുകയാണ്. ഇന്ത്യയുടെ ഔദ്യോഗിക നിലപാട് എന്തായിരിക്കുമെന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്.

ഒളിമ്പിക് സ്റ്റേഡിയത്തിൻെറ ആവരണം സ്പോൺസർ ചെയ്യുന്ന ഡൗ കെമിക്കൽസിൻെറ സ്പോൺസർഷിപ്പ് പിൻവലിക്കുന്ന പ്രശ്നമേയില്ലെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കാമറൂണും അന്തർദേശീയ ഒളിമ്പിക് കമ്മിറ്റി പ്രസിഡൻറ് ഷാക്ക് റോഗും വ്യക്തമാക്കിക്കഴിഞ്ഞിരിക്കെ ഇന്ത്യ കടുത്ത നടപടികളിലേക്ക് നീങ്ങേണ്ടിവരുമെന്ന സൂചനയാണ് ഇപ്പോഴുള്ളത്. എന്നാൽ, കാൽനൂറ്റാണ്ടു മുമ്പ് ഒളിമ്പിക്സിൻെറ നിലനിൽപ്പിനു തന്നെ ഭീഷണിയായിരുന്ന 1980 മോസ്കോ ഗെയിംസിൻെറ അമേരിക്കൻ ചേരിരാഷ്ട്രങ്ങളുടെയും 1984 ലോസ് ഏഞ്ചലസ് ഗെയിംസിൻെറ സോവിയറ്റ് അനുകൂല രാഷ്ട്രങ്ങളുടെയും ബഹിഷ്കരണം ഒരുപോലെ നിരാകരിച്ച് രണ്ടു ഗെയിംസിലും പങ്കെടുത്ത ഇന്ത്യക്ക് നയപരമായി കടുത്ത പരീക്ഷണഘട്ടത്തെയാണ് അതിജീവിക്കാനുള്ളത്. സമർഥനായ സമറാഞ്ചിലൂടെ ഒളിമ്പിക് നിഘണ്ടുവിൽനിന്ന് മായ്ച്ചുകളഞ്ഞ 'ബഹിഷ്കരണ'മെന്ന വാക്ക് കാൽനൂറ്റാണ്ടിനു ശേഷം വീണ്ടും കടന്നുവരുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കിടവരുത്തുമെന്ന് തീർച്ചയാണ്.

ലോകം കണ്ട ഏറ്റവും വലിയ വ്യാവസായിക ദുരന്തത്തിൻെറ രക്തസാക്ഷികൾക്ക് നഷ്ടപരിഹാരം പോലും നൽകാത്തവരുടെ സ്പോൺസർഷിപ്പിൽ പ്രതിഷേധിച്ചുകൊണ്ട് ഗെയിംസിൻെറ ഉദ്ഘാടന-സമാപന ചടങ്ങുകൾ ഇന്ത്യ ഭാഗികമായി ബഹിഷ്കരിക്കുമെന്നാണ് റിപ്പോർട്ട്. എന്നാൽ, ബഹിഷ്കരണ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്നാണ് ഐ.ഒ.എ. നിലപാട്. വലിയ പ്രതീക്ഷയോടെ കാത്തിരിക്കുന്ന കായികതാരങ്ങളോടുള്ള അനീതിയാവുമെന്നതിനാലാണ് പൂർണ ബഹിഷ്കരണത്തിൽനിന്ന് മാറിനിൽക്കുന്നതെന്നാണ് ഐ.ഒ.എ. പറയുന്നത്. ഡൗ കെമിക്കൽസിനെ മാറ്റിനിർത്തണമെന്ന് ഇന്ത്യ ഔദ്യോഗികമായി ആവശ്യപ്പെട്ടു കഴിഞ്ഞ സാഹചര്യത്തിൽ അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ മറുപടി കിട്ടുന്നതുവരെ കാത്തിരിക്കാനാണ് ഔദ്യോഗിക തീരുമാനം. മുമ്പ് ഐ.ഒ.സി. മുമ്പാകെ ഐ.ഒ.എ. ഇത്തരമൊരു ആവശ്യമുന്നയിച്ചപ്പോൾ അവരത് നിരാകരിച്ചതായിരുന്നു.

ഡൗ കെമിക്കൽസ് സി.ഇ.ഒ. ആൻഡ്രൂ ലിവറിസ് ഒളിമ്പിക് സ്പോൺസർഷിപ്പിനെ ന്യായീകരിക്കുന്നു

ഭോപ്പാൽ ദുരന്തവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം തീർന്നുവെന്നാണ് ഡൗ കെമിക്കൽസ് പ്രചരിപ്പിക്കുന്നത്. എന്നാൽ, ഇക്കഴിഞ്ഞ മാർച്ച് മൂന്നാംവാരത്തിലാണ്, ദുരിതബാധിതരായ 9000 അർബുദ-വൃക്ക രോഗികൾക്കായി കേന്ദ്ര മന്ത്രിസഭാ യോഗം 134 കോടി രൂപയുടെ പ്രത്യേക ധനസഹായം പ്രഖ്യാപിച്ചതെന്നത് ബന്ധപ്പെട്ടവരുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. കേന്ദ്ര മന്ത്രിസഭ ചുമതലപ്പെടുത്തിയ മന്ത്രിമാരുടെ സംഘം ശുപാർശ ചെയ്ത 740.28 കോടി രൂപയിൽ നിന്നാണ് ഈ നഷ്ടപരിഹാരത്തുക പ്രഖ്യാപിച്ചത്. എന്നിട്ടും ഡൗ കെമിക്കൽസിനെ സഹായിക്കാനെന്നോണം ഐ.ഒ.സി. പോലും നിലപാടുകളെടുക്കുന്നത് കഷ്ടമാണ്. ദുരന്തകാലത്ത് ഡൗ കെമിക്കൽസായിരുന്നില്ല കമ്പനി ഉടമകളെന്ന നിലപാടിനെ ന്യായീകരിക്കാൻ ആർക്കെങ്കിലും കഴിയുമോ?

ഗെയിംസ് വരും, പോകും. പുതിയ ചാമ്പ്യന്മാരുടെ ഉദയവും കാണാം. ലോക യുവത്വം ഒരൊറ്റ മനസ്സോടെ നാളെയിലേക്കു കുതിക്കുമ്പോഴും അവരെ വേട്ടയാടാൻ പാകത്തിൽ ഇനിയൊരു ഭോപ്പാൽദുരന്തം ആവർത്തിച്ചുകൂടാ. അതിനുള്ള വില ഡൗ കെമിക്കൽസ് ഇന്ന് നൽകുകതന്നെ വേണം.

ഒളിമ്പിക് തത്വസംഹിതയിൽ ബഹിഷ്കരണമെന്ന വാക്കിന് പ്രസക്തിയില്ലെങ്കിലും മഹത്തായ ഒളിമ്പിക് തത്വങ്ങൾ സംരക്ഷിക്കുന്നതിന് ഏതറ്റംവരെ പോകാനും ഇന്ത്യ തയ്യാറാകേണ്ടതുണ്ട്. അതാകട്ടെ വ്യാപകമായ ചർച്ചകളിലൂടെയാവുകയും വേണം.

സഡൻഡത്ത്: ടിക്കറ്റ് കോഴ: കെ.സി.എ.ക്കെതിരെ വീണ്ടും വിജിലൻസ് കുറ്റപത്രം.
ഇന്ത്യ-ഇംഗ്ലണ്ട് ഏകദിനം കൊച്ചിയിൽ ഉടനെ വരുന്നുണ്ട്. വിജിലൻസിന് വിശ്രമം നൽകിക്കൂടാ!

vrgmbicalicut@gmail.com

ആ സിക്സറുകൾ ഇനിയും വരില്ലേ?
യുവരാജ് സിങ്ങിന്റെ [illegible]
ഡോ. വി.പി. ഗംഗാധരൻ
എഴുതുന്നു
മാർച്ച് ലക്കം
വില 15 രൂപ
സ്പോർട്സ്

ഫിലിപ്പ് ദ്വീപിലെ പെൻഗ്വിൻ പരേഡ്

ഡോ. എ. ബിജുകുമാർ

ലോകമ്പൊടുനിന്നുമുള്ള വിനോദസഞ്ചാരികൾ ഓസ്ട്രേലിയയിലെ ഫിലിപ്പ് ദ്വീപിലെത്തുന്നത് പ്രകൃതിയിലെ അവിസ്മരണീയമായ ഒരു മടക്കയാത്രയ്ക്ക് സാക്ഷ്യംവഹിക്കാനാണ്. ജീവൻെറ തുടർച്ച നിലനിർത്താനുള്ള സാഹസികമായ ഒരു പകൽ സവാരിക്കുശേഷം കരയിൽ തങ്ങളെ കാത്തിരിക്കുന്ന കുടുംബങ്ങളിലെത്താനായി ലോകത്തെ ഏറ്റവും ചെറിയ പെൻഗ്വിനുകളുടെ മടങ്ങിവരവ് നന്നായി കാണാൻ കഴിയുന്ന പ്രദേശങ്ങളിലൊന്നാണ് ഫിലിപ്പ് ദ്വീപിലെ ദേശീയോദ്യാനം. മെൽബൺ നഗരത്തിൽ നിന്ന് ഏതാണ്ട് രണ്ടുമണിക്കൂർ യാത്രചെയ്താൽ ഇവിടെയെത്താം.

മനംമയക്കുന്ന നീലസമുദ്രങ്ങൾ, ഹരിതാഭമായ ചെറു കുന്നുകളും പ്രകൃതിദൃശ്യങ്ങളും, കൊആല കരടിയുടെ സംരക്ഷണകേന്ദ്രം, ഓസ്ട്രേലിയൻ കടൽനായയുടെ പ്രജനന കേന്ദ്രം, ചർച്ചിൽ ദ്വീപിലെ പൈതൃക കൃഷിയിടങ്ങൾ എന്നിവയാൽ സമ്പന്നമാണ് ദേശീയോദ്യാനമെങ്കിലും സഞ്ചാരികളിൽ മിക്കവരുടെയും ലക്ഷ്യം 'പെൻഗ്വിൻ പരേഡ്' ആണ്.

പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാരത്തിന് ഉത്തമ മാതൃക കൂടിയായ പെൻഗ്വിൻ പരേഡിലെ കടൽത്തീരത്തെ വാതിലുകൾ വൈകുന്നേരമാകുമ്പോഴേക്കും തുറന്നുകഴിഞ്ഞാൽ തീരത്തോടു ചേർന്ന ഗാലറികളിൽ പ്രകൃതിയിലെ ഈ അത്ഭുത ദൃശ്യത്തിനായി വിനോദസഞ്ചാരികൾ അച്ചടക്കത്തോടെ കാത്തിരിക്കും. സന്ധ്യമയങ്ങുമ്പോൾ കടലിലേക്ക് കണ്ണുംനട്ടിരിക്കുന്ന നൂറുകണക്കിന് ജനങ്ങളുടെ ജിജ്ഞാസയ്ക്ക് അറുതിവരുത്തി ദിവസം മുഴുവൻ നീണ്ട ഇരതേടൽ മതിയാക്കി പെൻഗ്വിനുകൾ കൂട്ടംകൂട്ടമായി കരയ്ക്കണയാൻ തുടങ്ങും. ഒറ്റനോട്ടത്തിൽ താറാവുകളെ അനുസ്മരിപ്പിക്കുന്ന ഇവ തല ഉയർത്തി നോക്കി തീരപ്രദേശം ഇറങ്ങാൻ അനുയോജ്യമാണെന്ന് ഉറപ്പുവരുത്തി തിരമാലയോടൊപ്പം കരയിലേക്കെത്തും. വിശ്വാസം പോരാതെ ഇവ തിരിച്ച് കുറച്ചുദൂരം കടലിലേക്ക് വീണ്ടും ഊളിയിടും. ഒരിക്കൽക്കൂടി സുരക്ഷ ഉറപ്പുവരുത്തി വീണ്ടും കരയിലെത്തുന്ന ഇവ ധൃതിയിൽ തങ്ങളുടെ മാളങ്ങളിലേക്ക് നടന്നുനീങ്ങും.

അരണ്ട വെളിച്ചത്തിൽ, കൂട്ടത്തോടെ കൂടുകളിലേക്കുള്ള പെൻഗ്വിനുകളുടെ ഈ 'മാർച്ച്പാസ്റ്റ്' പ്രകൃതിയൊരുക്കുന്ന അനിതര സാധാരണമായ ഒരു ദൃശ്യവിരുന്നാണ്. ഈ സ്ഥലത്തിന് 'പെൻഗ്വിൻ പരേഡ്' എന്ന് പേരുനൽകിയതും സ്വാഭാവികം. ആദ്യ സംഘത്തിൻെറ വരവിനു ശേഷം കൂടുതൽ സംഘങ്ങൾ വർധിച്ച ആത്മവിശ്വാസത്തോടെ തീരത്ത് എത്താൻ തുടങ്ങും. ''ഹക്, ഹക്'' സമൂഹഗാനവുമായി കുന്നിൻചെരുവിലെ മാളത്തിലേക്ക് ഇവ നടന്നുകയറുമ്പോൾ നമുക്ക് ഇവയ്ക്കൊപ്പം നടപ്പാതയിലൂടെ നടക്കാം. മണ്ണിൽ നിന്ന് ഏതാണ്ട് 1-2 അടി ഉയരത്തിൽ തടികൊണ്ടാണ് ഇതിനായി നടപ്പാത നിർമിച്ചിരിക്കുന്നത്. മൺകൂനകളിലെ മാളങ്ങളിൽ ചിലതിനുപുറത്ത്, അച്ഛനമ്മമാർ ആഹാരവുമായി എത്തുന്നതും പ്രതീക്ഷിച്ച് ഇരിക്കുന്ന കുഞ്ഞുങ്ങളെയും കാണാം.

നീല പെൻഗ്വിനുകളുടെ മടക്കയാത്ര

പെൻഗ്വിൻ പരേഡ് വീക്ഷിക്കുന്ന സഞ്ചാരികൾ. ഉദ്യാനത്തിലെ ഫയൽ ചിത്രം

പുതിയ തലമുറയുടെ നിലനില്പിനായി ദിവസത്തെ പ്രയത്നത്തിൻെറ മുഴുവൻ സമ്പാദ്യമായ ആഹാരം കുഞ്ഞുങ്ങളുടെ വായിലേക്ക് പകർന്നുനൽകുന്ന മാതാപിതാക്കൾ പ്രകൃതിയിലെ മികച്ച ശിശുപരിപാലനത്തിൻെറ കാഴ്ചകൾ നമുക്ക് സമ്മാനിക്കുമ്പോൾ വിജയകരമായ ഒരു പരേഡിൻെറ സമാപ്തി സൂചിപ്പിക്കുന്ന ഒരു ചടങ്ങുകൂടിയാവും ഇത്. വിക്ടോറിയ സംസ്ഥാനത്തെ ഫിലിപ്പ് ദ്വീപ് ഓസ്ട്രേലിയയിലെ വിനോദസഞ്ചാരത്തിൻെറ തന്നെ പര്യായമായതിൽ തെല്ലും അത്ഭുതം തോന്നില്ല.

പെൻഗ്വിനുകളുടെ വരവുംകാത്ത് കടലിൻെറ അനന്തതയിലേക്ക് കണ്ണുംനട്ട് സഞ്ചാരികൾ വിശ്രമിക്കുമ്പോൾ ഈ അപൂർവ പെൻഗ്വിനുകളെപ്പറ്റി കൂടുതൽ വിവരങ്ങൾ ഉദ്യാനത്തിലെ റേഞ്ചർമാർ നമുക്ക് വിവരിച്ചുതരും. മറ്റു വിവരങ്ങൾ പെൻഗ്വിൻ സ്റ്റോറിലെ പുസ്തകങ്ങളിൽ നിന്നും ചലച്ചിത്ര, വിദ്യാഭ്യാസ പ്രദർശനങ്ങളിൽ നിന്നും വ്യക്തമാവുകയും ചെയ്യും. ഇന്ന് ജീവിച്ചിരിക്കുന്ന പെൻഗ്വിനുകൾ 17 മുതൽ 20 ജൈവജാതികൾ വരെയുണ്ടാവുമെന്ന് വിവിധ വർഗീകരണ രീതിശാസ്ത്രങ്ങളിൽ വിശ്വസിക്കുന്ന ഗവേഷകർ അഭിപ്രായപ്പെടുന്നു. ഇവയിൽ വലിപ്പം കൂടിയവ ധ്രുവപ്രദേശങ്ങളിലും വലിപ്പം കുറഞ്ഞവ മിതോഷ്ണ മേഖലയിലും അപൂർവമായി ഉഷ്ണമേഖലാ പ്രദേശങ്ങളിലും കാണപ്പെടുന്നു. ലോകത്തെ ഏറ്റവും ചെറിയ പെൻഗ്വിനുകളാണ് ലിറ്റിൽ അഥവാ ബ്ലൂ പെൻഗ്വിൻ. നമുക്ക് ഇവയെ കുഞ്ഞൻ പെൻഗ്വിൻ എന്നോ നീല പെൻഗ്വിൻ എന്നോ വിളിക്കാം.

ശരീരത്തിന് മുകൾവശത്തുള്ള നീലത്തൂവലുകളും അടിഭാഗത്തുള്ള വെള്ളത്തൂവലുകളും കടലിൽ നീന്തുമ്പോൾ ഇവയെ തിരിച്ചറിയാതിരിക്കാൻ സഹായിക്കുന്നു. 'യൂഡിപ്റ്റുല മൈനർ' എന്ന ശാസ്ത്രനാമമുള്ള ഇവയ്ക്ക് ശരാശരി 40 സെൻറിമീറ്റർ ഉയരവും ഒരു കിലോഗ്രാം ഭാരവുമുണ്ടാവും. ദക്ഷിണ ഓസ്ട്രേലിയയിലും ന്യൂസീലാൻഡിലും തീരപ്രദേശങ്ങളിൽ കാണുന്ന നീലപെൻഗ്വിനുകളുടെ ആഗോള ജനസംഖ്യ 3.5 മുതൽ ആറു ലക്ഷം വരെയാണ്. ശരാശരി ഏഴു വർഷമാണ് ഇവയുടെ ആയുസ്സെങ്കിലും ഏറ്റവും പ്രായം കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്ന പക്ഷിക്ക് 26 വയസ്സായിരുന്നു.

> **ലോകത്തെ ഏറ്റവും ചെറിയ പെൻഗ്വിനുകളുടെ കേന്ദ്രമാണ് ഓസ്ട്രേലിയയിലെ ഫിലിപ്പ് ദ്വീപ്. വിനോദസഞ്ചാരികൾ ഇവിടെ എത്തുന്നത് കടലിൽ നിന്ന് കരയിലേക്ക് കൂട്ടമായി നീങ്ങുന്ന പെൻഗ്വിനുകളുടെ പരേഡ് കാണാനാണ്...**

സൂര്യോദയത്തിന് ഏതാണ്ട് ഒരു മണിക്കൂർ മുമ്പ് ഇരുളിൻെറ മറവിൽ തങ്ങളുടെ കോളനികളിൽ നിന്ന് ഇരതേടി കൂട്ടമായി കടലിലേക്ക് യാത്രതിരിക്കുന്നത് മുതൽക്കാണ് പെൻഗ്വിനുകളുടെ ഒരു ദിവസം ആരംഭിക്കുന്നത്. മണിക്കൂറിൽ 10 കിലോമീറ്റർ നീന്താൻ കഴിയുന്ന ഇവയുടെ യാത്രകൾ പ്രജനന കാലത്ത് 15-20 കി.മീ. മാത്രമായി പരിമിതപ്പെടും. സാധാരണയായി രണ്ടുമീറ്റർ വരെ വെള്ളത്തിൽ മുങ്ങുകയും ഒരു ദിവസം 100 കി.മീ. വരെ യാത്രചെയ്യുകയും ചെയ്യും.

വീതിയുള്ള തുഴപോലുള്ള മുൻകാലുകൾ (ഫ്ലിപ്പറുകൾ) ആണ് നീന്താനുള്ള പ്രധാന ആയുധം. കാലുകളും വാലും യാത്രയുടെ ദിശ മാറ്റാൻ സഹായിക്കും. പെൻഗ്വിനുകൾ എന്തേ കരയിൽ നിവർന്ന് നടക്കാത്തത് എന്ന ചോദ്യത്തിന് ഉത്തരം ലളിതമാണ്. നിവർന്നു നടക്കാൻ ഇവയ്ക്ക് കൂടുതൽ ഊർജം വിനിയോഗിക്കേണ്ടിവരുന്നതിനാൽ ഇവ 'അന്ന നട' തിരഞ്ഞെടുത്തുവെന്നു മാത്രം.

ശിശിരകാലത്ത് നിരവധി ദിവസങ്ങൾ ഇവ കടലിൽ തന്നെ കഴിച്ചുകൂട്ടും. നത്തോലിയും മറ്റു ചെറുമത്സ്യങ്ങളും, കണവ, ചെറിയ നീരാളികൾ തുടങ്ങിയവയുമാണ് ഇവയുടെ പ്രധാന ആഹാരം. ഭാരം നിലനിർത്താൻ ഓരോ പക്ഷിക്കും ദിനംപ്രതി 240 ഗ്രാം മത്സ്യമാണ് ആവശ്യം.

നൂറോളം പേരടങ്ങുന്ന പെൻഗ്വിനുകളുടെ സംഘം ഉച്ചകഴിഞ്ഞ് വീടുകളിലേക്ക് മടങ്ങാൻ തയ്യാറെടുക്കും. രണ്ടു മുതൽ മൂന്നു വരെ വയസ്സാകുമ്പോൾ പ്രായപൂർത്തിയാവുന്ന നീല പെൻഗ്വിനുകൾ സാധാരണയായി ദ്വീപുകളും അപൂർവമായി ഇരപിടിയൻമാർ കടന്നുവരാൻ സാധ്യതയില്ലാത്ത വൻകരയുടെ തീരപ്രദേശങ്ങളുമാണ് മുട്ടയിടാൻ തിരഞ്ഞെടുക്കുന്നത്. മിക്ക കേന്ദ്രങ്ങളും തീരത്തോടടുത്തുള്ള പ്രദേശങ്ങളിലാവും. സാധാരണയായി മണലിലോ മണ്ണിലോ പാറയിടുക്കുകളിലോ ചെടികൾക്ക് കീഴിലോ ആണ് ഇവ മാളങ്ങൾ ഉണ്ടാക്കുന്നത്. ഫിലിപ്പ് ദ്വീപിൽ ശാസ്ത്രജ്ഞർ ഉണ്ടാക്കി നൽകിയ കൃത്രിമ കൂടുകൾ ഇവ മുട്ടയിടാനായി കൂടുതലായി ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്.

ഇവയുടെ ഇണചേരൽ ബഹളമയമായ അന്തരീക്ഷത്തിലായിരിക്കും. ഇണകൾക്കുവേണ്ടി രൂക്ഷമായ മത്സരങ്ങൾ സ്ഥിരം കാഴ്ചയാണ്. പല പെൻഗ്വിനുകളും ജീവിതാവസാനം വരെ ഇണപിരിയാതെ ജീവിക്കുമെങ്കിലും വിവാഹബന്ധം വേർപെടുത്തലും ഇണകളുടെ മരണത്തോടെ പുതിയബന്ധങ്ങൾ സ്ഥാപിക്കലുമൊക്കെ ഇവയിലും കാണാം.

ജൂൺ-ആഗസ്റ്റ് മാസങ്ങളിലാണ് ഓസ്ട്രേലിയൻ തീരങ്ങളിൽ ഇവയുടെ മുട്ടയിടീൽ പ്രധാനമായും നടക്കുന്നത്. ആഹാരത്തിൻെറ ലഭ്യതയനുസരിച്ച് ഒരു വർഷത്തിൽ ഒന്നുരണ്ടു തവണ, അപൂർവമായി മൂന്നു തവണ ഇവ മുട്ടയിടാറുണ്ട്. ഒരു തവണയിടുന്ന രണ്ടു മുട്ടകൾ 35 ദിവസങ്ങൾ കൊണ്ടാണ് വിരിയുന്നത്. ആൺ-പെൺ പക്ഷികൾ മാറിമാറി മുട്ടയ്ക്ക് അടയിരിക്കും. ആഹാരമില്ലാതെ ഇക്കാലത്ത് ഇവയ്ക്ക് 10 ദിവസം വരെ ജീവിക്കാനാവും.

ആദ്യത്തെ മൂന്നാഴ്ചകളിൽ ഏതെങ്കിലും ഒരു രക്ഷകർത്താവ് കുഞ്ഞുങ്ങളോടൊപ്പം ഉണ്ടാവുകയും മറ്റൊരാൾ ഇരയുമായി സന്ധ്യയോടെ കൂട്ടിൽ തിരിച്ചെത്തുകയും ചെയ്യും. അതിനുശേഷം ആഹാരം നൽകാനായി മാത്രം അച്ഛനമ്മമാർ കുഞ്ഞുങ്ങളെ സന്ദർശിക്കും. ആമാശയത്തിനുള്ളിൽ സൂക്ഷിച്ചിരിക്കുന്ന ആഹാരവസ്തുക്കൾ ഛർദിച്ച് കുഞ്ഞുങ്ങളുടെ വായിലേക്ക് പകർന്നുനൽകുകയാണ് ചെയ്യുന്നത്.

എട്ട് മുതൽ 10 മാസം വരെ പ്രായമാവുമ്പോൾ ഇവയ്ക്ക് നല്ല തൂവലുകൾ വളരുകയും ഇവ എണ്ണഗ്രന്ഥികളിൽ നിന്നുള്ള എണ്ണ തേച്ച് മിനുസപ്പെടുത്തി കടലിൽ ഇറങ്ങാൻ പ്രാപ്തരാവുകയും ചെയ്യും. കടൽ യാത്രയ്ക്ക് സജ്ജരായിക്കഴിഞ്ഞാൽ മാതാപിതാക്കൾ പലപ്പോഴും കുഞ്ഞുങ്ങളെ നിർബന്ധിച്ച് കൂടിന് പുറത്താക്കി കടലിലേക്ക് തള്ളിവിടും.

ആദ്യത്തെ ഒരു വർഷം പെൻഗ്വിനുകളുടെ ജീവിതത്തിലെ നിർണായക സമയമാണ്. ഈ സമയം പൂർണമായി കടലിൽത്തന്നെ കഴിയുന്ന നീല പെൻഗ്വിനുകൾ പലതും പട്ടിണികാരണം ആദ്യത്തെ ഏതാനും മാസങ്ങളിൽത്തന്നെ ചത്തുപോകാറുണ്ട്. ഇരപിടിയന്മാരുടെ ശല്യം വേറെ. 12-18 മാസം പ്രായമാകുമ്പോൾ ഇവ തങ്ങളുടെ കോളനികളിലേക്ക് തിരിച്ചെത്തുന്നു.

ഈ സമയത്താണ് ഇവ തൂവൽ പൊഴിക്കാൻ ആരംഭിക്കുന്നത്. ഏതാണ്ട് 17 ദിവസം വരുന്ന നിരാഹാര വ്രത കാലത്താണ് കോളനികളിൽ മടങ്ങിയെത്തുന്ന ഇവ തൂവൽ പൊഴിക്കുന്നത്. ഇതിന് മുന്നോടിയായി ഇവ ശരീരഭാരം ഇരട്ടിയാക്കാറുണ്ട്. രണ്ടാംവർഷത്തിൽ ചെറിയ കടൽയാത്രകൾക്കുശേഷം പെൻഗ്വിനുകൾ അവയുടെ കോളനികളോട് ചേർന്നുതന്നെ എപ്പോഴുമുണ്ടാകും. പെൺപെൻഗ്വിനുകൾ രണ്ടാം വർഷം അവസാനമാകുമ്പോഴും ആൺപെൻഗ്വിനുകൾ മൂന്നാം വർഷത്തിലും അവയുടെ കോളനിയിൽ തന്നെ പ്രജനനം നടത്തുകയാണ് പതിവ്.

പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരത്തിന് പേരുകേട്ട ഫിലിപ്പ് ദ്വീപ് ദേശീയോദ്യാനത്തിൽ പെൻഗ്വിനുകളുടെ ചിത്രങ്ങൾ എടുക്കുന്നതിന് വിലക്കുണ്ട്. എന്നാൽ, ചിത്രങ്ങൾ സുവനീർ കടകളിൽ നിന്നും വാങ്ങാനും പെൻഗ്വിനുകളോടൊപ്പം നിങ്ങൾ നിൽക്കുന്ന ചിത്രങ്ങൾ തയ്യാറാക്കി നൽകാനുമുള്ള സംവിധാനങ്ങൾ ഉണ്ട്.

1996-ൽ ഫിലിപ്പ് ദ്വീപിൽ ആരംഭിച്ച ദേശീയോദ്യാനം ഇന്ന് ലോകത്തെ ഏറ്റവും പ്രശസ്തമായ പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര കേന്ദ്രം മാത്രമല്ല ഓസ്ട്രേലിയൻ കടൽനായകൾ, നീല പെൻഗ്വിനുകൾ, കടൽപ്പക്ഷികൾ തുടങ്ങിയവയെ പറ്റി ഗവേഷണം നടത്തുന്ന കേന്ദ്രവും കൂടിയാണ്.

2010-'11 കാലയളവിൽ ദിനംപ്രതി പരേഡിനെത്തുന്ന പെൻഗ്വിനുകളുടെ ശരാശരി എണ്ണം 784 ആണ്. രാത്രികളിലെ ദിനംപ്രതിയുള്ള കണക്കെടുപ്പ് ആരംഭിച്ചത് മുതൽക്കുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. ദ്വീപിൽ 32,000-50,000 പെൻഗ്വിനുകൾ ഉണ്ടെന്നാണ് കണക്ക്.

നീല പെൻഗ്വിൻ

ആഴമാപിനികൾ, ജി.പി.എസ്. ലോഗറുകൾ, റിമോട്ട് സെൻസിങ് തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് പെൻഗ്വിനുകളുടെ ജീവിതരീതിയെപ്പറ്റിയും ത്രിമാനതലത്തിൽ അവയുടെ സ്ഥല ഉപയോഗത്തെപ്പറ്റിയും വിവരങ്ങൾ ശേഖരിക്കുന്നു. മലിനീകരണം (പ്രത്യേകിച്ചും എണ്ണച്ചോർച്ച), ഇരപിടിയന്മാർ, കാലാവസ്ഥാമാറ്റം എന്നിവ പെൻഗ്വിനുകളുടെ ജനസംഖ്യയിൽ ഉണ്ടാക്കുന്ന സ്വാധീനത്തെപ്പറ്റി ഇവിടെ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നു.

ഓട്ടിസം: നേരത്തേ കണ്ടുപിടിക്കുക, ചികിത്സിക്കുക

ആരോഗ്യം

ഡോ. പി.എൻ. സുരേഷ്കുമാർ

1943-ൽ ലിയോ കാനർ എന്ന മനോരോഗ വിദഗ്ധനാണ് 'ഓട്ടിസം' എന്ന അസുഖത്തെപ്പറ്റി ആദ്യമായി വിശദീകരിച്ചത്. ഇൻഫൻെറൽ ഓട്ടിസം എന്നാണ് അദ്ദേഹം ഈ അസുഖത്തിന് പേരിട്ടത്. 1980-ലാണ് ഇതിനെ വ്യക്തമായ ഒരു മാനസിക രോഗമായി അംഗീകരിച്ചത്. 12 വയസ്സിന് താഴെയുള്ള പതിനായിരം കുട്ടികളിൽ രണ്ട് മുതൽ അഞ്ച് ശതമാനം പേർക്ക് ഓട്ടിസം ഉള്ളതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. മൂന്ന് വയസ്സിന് മുമ്പേ കുട്ടികൾ അസുഖലക്ഷണങ്ങൾ കാണിച്ചുതുടങ്ങും. പക്ഷേ, മൂർധന്യാവസ്ഥയിൽ എത്തുമ്പോഴാണ് മാതാപിതാക്കൾ ഡോക്ടറെ സമീപിക്കുന്നത്.

ആൺകുട്ടികളിലാണ് ഓട്ടിസം കൂടുതലായി കാണപ്പെടുന്നത്. പെൺകുട്ടികളെ അപേക്ഷിച്ച് അഞ്ചിരട്ടിയാണ് ആൺകുട്ടികളിൽ രോഗസാധ്യത.

ലക്ഷണങ്ങൾ

ചെറിയ പ്രായത്തിൽത്തന്നെ കുട്ടികളുടെ പെരുമാറ്റ രീതികൾ വെച്ച് അവരിൽ ഓട്ടിസത്തിൻെറ ലക്ഷണങ്ങൾ ഉണ്ടോ എന്ന് കണ്ടെത്താൻ പറ്റും. ശൈശവ ഓട്ടിസം ഉള്ള കുട്ടികൾ നന്നേ ചെറുപ്പത്തിൽ പലതരം ലക്ഷണങ്ങളും പ്രകടമാക്കുന്നു. മറ്റുള്ളവരാകട്ടെ 15-18 മാസം വരെ യാതൊരു കുഴപ്പവുമില്ലാതെയിരിക്കുകയും അതിനുശേഷം വളർച്ച കുറഞ്ഞുവരികയും ചെയ്യുന്നു. ഓട്ടിസ്റ്റിക് കുട്ടികൾ അച്ഛനമ്മമാരോടും വേണ്ടപ്പെട്ടവരോടും അടുപ്പമോ പരിചയത്തോടെയുള്ള ചിരിയോ എടുക്കാൻ വേണ്ടി കൈനീട്ടുന്ന സ്വഭാവമോ കാണിക്കാറില്ല. ചില കുട്ടികൾ തങ്ങളോട് ആരെങ്കിലും സംസാരിക്കുമ്പോൾ ബധിരരെപ്പോലെ അങ്ങോട്ട് ശ്രദ്ധിക്കുകയേയില്ല. ചിലരാകട്ടെ പരിചിതരോടും അപരിചിതരോടും ഒരുപോലെ അടുപ്പം പ്രകടിപ്പിച്ചെന്നിരിക്കും. സാധാരണ കുട്ടികളെപ്പോലെ മാതാപിതാക്കളെ പിരിഞ്ഞാൽ പേടിയോ ഉത്കണ്ഠയോ ഓട്ടിസ്റ്റിക് കുട്ടികൾ കാണിക്കുകയില്ല. സ്കൂളിൽ കൂട്ടുകാരോടും സമപ്രായക്കാരോടുമൊത്തുള്ള കളികൾ അപൂർവമായിരിക്കും. മറ്റുള്ളവരുടെ പ്രയാസങ്ങൾ മനസ്സിലാക്കാനോ അതിൽ സഹതപിക്കാനോ ഓട്ടിസ്റ്റിക് കുട്ടികൾക്ക് കഴിയില്ല. സ്വതഃസിദ്ധമായ ഉൾവലിയൽ മൂലം, ആഗ്രഹമുണ്ടെങ്കിൽപ്പോലും സുഹൃത്തുക്കളെ സമ്പാദിക്കാൻ ഇവർക്ക് കഴിയില്ല. ഇതുകൊണ്ടുതന്നെ ലൈംഗിക വികാരങ്ങൾ ഉണ്ടെങ്കിലും ഒരു ജീവിതപങ്കാളിയെ കണ്ടെത്താൻ ഇവർക്ക് പ്രയാസമാണ്.

മറ്റൊരു പ്രത്യേകത സംസാരിക്കുന്നതിലുള്ള വൈകല്യങ്ങളാണ്. ഓട്ടിസ്റ്റിക് കുട്ടികൾ സംസാരിക്കാൻ തുടങ്ങുന്നതുതന്നെ വൈകിയായിരിക്കും. മിതമായേ ഇത്തരക്കാർ സംസാരിക്കൂ. ഉച്ചാരണത്തിൽ പല ശബ്ദങ്ങളും ഇവർ വിട്ടുകളയും. വാക്കുകളുടെ അർഥം ഉൾക്കൊള്ളാതെ ഒഴുക്കൻ മട്ടിലാണ് സംസാരിക്കുക. സംസാരത്തിന് വിചിത്രമായ ഒഴുക്കും ശബ്ദവും ഇവരുടെ പ്രത്യേകതകളാണ്. മറ്റുള്ളവർ എന്താണ് ഇവരോട് പറയുന്നതെന്ന് മനസ്സിലാക്കാനുള്ള ശേഷി ഇവർക്കില്ല. വാക്കുകളോ വാചകങ്ങളോ തന്നെ സംസാരിക്കുമ്പോൾ വിട്ടുപോകാം. ചില വാക്കുകൾ ഒരിക്കൽ പറഞ്ഞാൽ പിന്നീട് ആഴ്ചകളോ മാസങ്ങളോ ആ വാക്ക് ഉച്ചരിക്കുകയില്ല. ചില വാക്കുകൾ ആവശ്യമില്ലാത്ത സന്ദർഭങ്ങളിൽ ആവർത്തിച്ച് പറയുന്ന പ്രത്യേകതയും കാണാറുണ്ട്. അപൂർവം ചിലർ അക്ഷരങ്ങളിലും വാക്കുകളിലും അമിതമായ പ്രാവീണ്യവും ഓർമശക്തിയും പ്രകടിപ്പിക്കാറുണ്ട്. 'ഹൈപ്പർ ലെക്സിയ' എന്നാണ് ഇതിനെ പറയുന്നത്.

ഓട്ടിസ്റ്റിക് കുട്ടികളുടെ കളികളിലും പ്രത്യേകതകൾ ഉണ്ട്. പാവകളോടും മൃഗങ്ങളോടും ഇവർക്ക് താത്പര്യം കുറവായിരിക്കും. കളിപ്പാട്ടങ്ങൾ വട്ടംകറക്കുക, നിലത്തിട്ട് അടിക്കുക, വരിവരിയായി അടുക്കിവെക്കുക എന്നിവയാണ് ഇവരുടെ പ്രധാന വിനോദങ്ങൾ. ദൈനംദിനകാര്യങ്ങൾ ഒരേമാതിരി ചെയ്യാനാണ് ഇവർക്കിഷ്ടം. ഉദാഹരണത്തിന്, ഭക്ഷണം കഴിക്കുവാൻ ഒരേ പ്ലേറ്റ്, ഇരിക്കാൻ ഒരേ കസേര, ഒരേ ഡ്രസ്സ് എന്നിങ്ങനെ ഇവർ വാശിപിടിച്ചെന്നിരിക്കും. പുതിയ സ്ഥലത്തേക്ക് താമസംമാറൽ, ഗൃഹോപകരണങ്ങൾ മാറ്റൽ, ജീവിതക്രമങ്ങളിലുള്ള വ്യതിയാനങ്ങൾ എന്നിവയെ ഇവർ ശക്തിയായി എതിർക്കും.

ഒരു കാരണവുമില്ലാതെ ചിരിക്കുക, കരയുക, കോപിക്കുക, വാശിപിടിക്കുക, സ്വയം മുറിവേൽപ്പിക്കുക എന്നീ സ്വഭാവങ്ങളും ഓട്ടിസത്തിൽ കാണാം. ചിലർക്ക് വേദന സഹിക്കാനുള്ള കഴിവ് വളരെ കൂടുതലാണ്. ഗുരുതരമായ പരിക്കുകളുണ്ടായാൽപ്പോലും ഓട്ടിസ്റ്റിക് കുട്ടികൾ കരയില്ല. വട്ടംകറങ്ങൽ, ഊഞ്ഞാലാടൽ, പാട്ട്, വാച്ചിൻെറ ടിക്-ടിക് ശബ്ദം എന്നിവയോട് ചില ഓട്ടിസ്റ്റിക് കുട്ടികൾ അതിരുകവിഞ്ഞ കമ്പം കാണിക്കും. ശ്രദ്ധക്കുറവ്, ഭക്ഷണത്തോട് വെറുപ്പ്, വസ്ത്രങ്ങളിൽ മലമൂത്ര വിസർജനം ചെയ്യുക എന്നീ പ്രശ്നങ്ങളും ഓട്ടിസത്തിൽ കാണാറുണ്ട്. ഓട്ടിസ്റ്റിക് കുട്ടികളിൽ മൂന്നിൽ രണ്ടുഭാഗത്തിന് ബുദ്ധിവളർച്ച കുറവായിരിക്കും. സ്വസ്ഥമായി ഒരിടത്തിരിക്കാതെ ഓടിനടക്കുന്ന രോഗവും ഇത്തരക്കാരിൽ കൂടുതലാണ്.

കാരണങ്ങൾ

ഓട്ടിസ്റ്റിക് കുട്ടികളിൽ ജന്മനാ തന്നെ പലവിധ ശാരീരിക വൈകല്യങ്ങളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഗർഭാവസ്ഥയിൽ ഈ കുട്ടികളുടെ വളർച്ചയിലുണ്ടായിട്ടുള്ള വൈകല്യങ്ങളെയാണ് ഇത് സൂചിപ്പിക്കുന്നത്. ഗണ്യമായ ഒരു വിഭാഗത്തിന് അപസ്മാരം ഉണ്ടാകാറുണ്ട്. മാത്രമല്ല, തലച്ചോറിൻെറ പരിശോധനകളായ സി.ടി. സ്കാൻ, എം.ആർ.ഐ., ഇ.ഇ.ജി. എന്നിവയിലും ഇവരുടെ മസ്തിഷ്കത്തിന് പ്രകടമായ വ്യത്യാസങ്ങളുള്ളതായി കണ്ടിട്ടുണ്ട്. ഇവരുടെ തലച്ചോറിൽ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന സിറടോണിൻ എന്ന രാസവസ്തുവിൻെറ അളവ് കൂടുതലാണ്. പാരമ്പര്യഘടകങ്ങളും ഒരു പരിധിവരെ ഓട്ടിസത്തിന് കാരണമാണ്. ഓട്ടിസ്റ്റിക് കുട്ടികളുടെ സഹോദരനോ സഹോദരിക്കോ ഈ അസുഖം പിടിപെടാനുള്ള സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് 50 ശതമാനം കൂടുതലാണ്. ഒരേ കോശത്തിൽ നിന്ന് ജനിക്കുന്ന ഇരട്ടക്കുട്ടികളിൽ ഒരാൾക്ക് അസുഖം ബാധിച്ചാൽ മറ്റേയാൾക്ക് പിടിപെടാനുള്ള സാധ്യത 36 മുതൽ 96 ശതമാനമാണ്.

കുട്ടികളെ വളർത്തുന്നതിലുള്ള പലവിധ പ്രശ്നങ്ങൾ ഓട്ടിസം കൂടുന്നതിന് കാരണങ്ങളാണ്. മാതാപിതാക്കളുടെ അമിതമായ ദേഷ്യം, തങ്ങളുടെ സ്വന്തം ചിന്തകളിൽ മാത്രം മുഴുകിയിരിക്കുന്ന സ്വഭാവം, കുട്ടിയോടുള്ള നിഷേധാത്മക മനോഭാവം എന്നിവയെല്ലാം അസുഖത്തിൻെറ തീവ്രത കൂട്ടുന്നു.

പ്രായം കൂടുമ്പോൾ

ഓട്ടിസം പരിപൂർണമായി സുഖപ്പെടാനുള്ള സാധ്യത കുറവാണ്. ഇവരിൽ ബുദ്ധിവളർച്ച കൂടിയവർക്ക് കൂടുതൽ സുഖപ്രാപ്തി ലഭിക്കാം. പ്രായപൂർത്തിയാകുമ്പോൾ മൂന്നിൽ രണ്ടുഭാഗമെങ്കിലും മാനസികവൈകല്യം ബാധിച്ചവരും ഒറ്റയ്ക്ക് ജീവിക്കാൻ കഴിയാത്തവരുമായിത്തീരുന്നു. ചെറിയൊരു വിഭാഗത്തിന് മാത്രമേ സ്വന്തമായി തൊഴിൽചെയ്ത് ജീവിക്കാനാകൂ. സ്വയം മുറിവേൽപ്പിക്കൽ, അമിത ദേഷ്യപ്രകടനം എന്നിവ ഇവർക്ക് പ്രായം കൂടുമ്പോൾ ഉണ്ടാകുന്ന അനുബന്ധ പ്രശ്നങ്ങളാണ്.

പ്രതിവിധി

ഓട്ടിസത്തിൻെറ അനുബന്ധ പ്രശ്നങ്ങൾക്കല്ലാതെ ഓട്ടിസത്തിനു പ്രത്യേക മരുന്നുചികിത്സ ലഭ്യമല്ല. അക്രമവാസന, അമിതബഹളം, ഉറക്കപ്രശ്നങ്ങൾ, അപസ്മാരം എന്നിവ മരുന്നുപയോഗിച്ച് നിയന്ത്രിക്കാം. ചികിത്സ എത്രയും നേരത്തേ ആരംഭിക്കുന്നുവോ അത്രയും ഫലപ്രാപ്തി ലഭിക്കുന്നു. ഓട്ടിസം ഉണ്ടോ എന്ന സംശയം ഉടലെടുക്കുമ്പോൾത്തന്നെ പ്രതിവിധികളും സ്വീകരിച്ചുതുടങ്ങുന്നതാണ് ഉത്തമം. ചികിത്സയിലൂടെ ഉണ്ടാകുന്ന പുരോഗതി ചിലപ്പോൾ വളരെ മന്ദഗതിയിലായിരിക്കും. എന്നിരുന്നാലും അതിൽത്തന്നെ ഉറച്ചുനിന്ന് ചികിത്സ തുടർന്നു പോകുക. ഇവരുടെ പെരുമാറ്റ രൂപവത്കരണത്തിനുള്ള പരിശീലനം വീട്ടിൽവെച്ചും സ്കൂളിൽ വെച്ചും നൽകേണ്ടിവരും. മാതാപിതാക്കൾക്ക് ഇവരെ കൈകാര്യം ചെയ്യാനുള്ള പ്രത്യേക പരിശീലനവും നൽകേണ്ടതുണ്ട്.

ഏപ്രിൽ ലക്കം
ഗർഭിണികൾ
മാതൃഭൂമി ആരോഗ്യമാസിക